'ജിം'-ൽ അവതരിപ്പിച്ച കാർഷിക പരമ്പരാഗത വ്യവസായ പദ്ധതികൾ

4 (1181) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക പരമ്പരാഗത വ്യവസായവുമായി ബന്ധപ്പെട്ട എത്ര പദ്ധതികൾ 'ജിം'-ൽ അവതരിപ്പിച്ചു. അവ ഏതെല്ലാമാണ് ;

(ബി) ഇതിൽ എത്ര പദ്ധതികൾക്ക് ധാരണാ പത്രം ഒപ്പിട്ടു ;

(സി) ഇതിൽ ഏതെല്ലാം പദ്ധതികൾ ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാർഷിക മേഖലയിൽ മുഖ്യമായി അവതരിപ്പിച്ച പദ്ധതികൾ- കാർഷിക മാർക്കറ്റുകൾ, ഐർകീൻസ്, ചകിരിച്ചോറിൽ നിന്ന് വിറക് എന്നിവയാണ്.

(ബി&സി) കാർഷിക മേഖലയിലെ പദ്ധതികൾക്കൊന്നും തന്നെ 'ജിം'-ൽ ധാരണാപത്രം ഒപ്പ് വയ്ക്കുകയുണ്ടായില്ല.

ചൈനയിൽ ഓഫീസ് തുറന്നിട്ടുള്ള പൊതുമേഖലാസ്ഥാപനം

5 (1186) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം ചൈനയിൽ മാർക്കറ്റ് പിടിച്ചെടുക്കുക എന്ന ഉദ്ദേശത്തോടുകൂടി ചൈനയിൽ ഓഫീസ് തുറന്നിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതു പൊതുമേഖലാസ്ഥാപനം എന്ന് വ്യക്തമാക്കുമോ ;

(സി) ഈ സ്ഥാപനം ചൈനയുമായി ബിസിനസ് ആരംഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും തന്നെ ചൈനയിൽ മാർക്കറ്റ് പിടിച്ചെടുക്കുക എന്ന ഉദ്ദേശത്തോടുകൂടി ചൈനയിൽ ഓഫീസ് തുറന്നിട്ടില്ല.

(സി) ചോദ്യമുദിക്കുന്നില്ല.

(ഡി) ചോദ്യമുദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly